## (3) സഭയിൽ ഉന്നയിച്ച പരാമർശം തെളിയിക്കുന്നതുവരെ രേഖയിലുണ്ടാകാൻ പാടില്ല എന്നത് സംബന്ധിച്ച്

2016 ജൂൺ 28-ാം തീയതി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ഒരു പ്രതിപക്ഷ അംഗം നടത്തിയ പരാമർശം സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ക്രമപ്രശ്നം ഉന്നയിക്കുകയും പ്രസ്തുത പരാമർശം തെളിയിക്കുന്നതുവരെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ലെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ചട്ടം 288 പ്രകാരം പേഴ്സണൽ എക്സ്പ്ലനേഷന് അനുമതി നൽകണമെന്ന് പരാമർശം നടത്തിയ അംഗം ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"28.6.2016-ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ശ്രീ. പി. ടി. തോമസ് നടത്തിയ പരാമർശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ക്രമപ്രശ്നം ഉന്നയിക്കുകയും പ്രസ്തുത പരാമർശത്തിലടങ്ങിയ കാര്യം തെളിയിക്കുന്നതുവരെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ലെന്ന് അഭ്യർത്ഥിക്കുകയും പ്രസ്തുത കാര്യം വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ രേഖയിലുണ്ടാകില്ലെന്ന് ചെയർ റൂൾ ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ റൂൾ ചെയ്യുന്നത് കീഴ്‌വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും യോജിക്കുന്നതല്ലെന്ന്

* XIV KLA/I Session Vol.162 Report No.5 dated 28-06-2016

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടായതിനാൽ ഇതുസംബന്ധിച്ച് റൂൾ ചെയ്യാമെന്ന് ചെയർ അറിയിച്ചിരുന്നു. വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ നീക്കംചെയ്യുന്നു എന്ന റൂളിംഗ്കൊണ്ട് ചെയർ ഉദ്ദേശിച്ചത് പ്രസ്തുത പരാമർശം വസ്തുനിഷ്ഠമാണോയെന്ന് വിശദമായി പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കാമെന്നുമാത്രമാണ്. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രീ. പി. ടി. തോമസ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ നടത്തിയ പരാമർശം വസ്തുതാപരമായിരുന്നില്ല. പ്രസ്തുത പരാമർശം ചട്ടം 307 അനുസരിച്ച് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നു. ഇക്കാര്യത്തിൽ ചട്ടം 288 പ്രകാരം പേഴ്സണൽ എക്സ്പ്ലനേഷന് അനുമതി ചോദിച്ചുകൊണ്ട് ശ്രീ. പി.ടി.തോമസ് ചെയറിന് കത്ത് നൽകിയിരുന്നു. ചട്ടം 307 പ്രകാരം സഭാരേഖയിൽ നിന്ന് നീക്കം ചെയ്യുന്ന വിഷയത്തെ സംബന്ധിച്ച് ചെയർ നടത്തിയ പരാമർശത്തിൻമേൽ ചട്ടം 288 പ്രകാരമുള്ള പേഴ്സണൽ എക്സ്പ്ലനേഷന് അംഗങ്ങൾക്ക് അവസരമില്ലാത്തതിനാൽ ആയത് അദ്ദേഹം ഉന്നയിക്കേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.”